# കേരള സർക്കാർ

**സംഗ്രഹം**

പൊ.ഭ.വ. - പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കൽ - അഞ്ചംഗ സമിതിയുടെ റിപ്പോർട്ട് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

## പൊതുഭരണ (എ.ആർ.) വകുപ്പ്

സ.ഉ.(കൈ) നമ്പർ. 229/2020/പൊ.ഭ.വ. തിരുവനന്തപുരം, തീയതി, 25.11.2020

**ഉത്തരവ്**

പരാമർശം : 12.03.2019-ലെ സ.ഉ.(കൈ) നമ്പർ. 4/2019/ഉഭപവ നമ്പർ ഉത്തരവ്

പൊതുഭരണ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തമ്മിലും വകുപ്പുകളിലെ സെക്ഷനുകൾ തമ്മിലും ജോലിഭാരത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ കാരണം ചില വകുപ്പുകളിൽ വളരെയധികം ജോലിഭാരവും മറ്റു ചിലവയിൽ താരതമ്യേന കുറഞ്ഞ ജോലിഭാരവും നിലനിൽക്കുന്നുണ്ട്. ഇ-ഓഫീസ് നടപ്പിലായതിന്റെ ഭാഗമായി വിവിധ തസ്തികകളുടെ ജോലിഭാരത്തിലും ജോലിയുടെ സ്വഭാവത്തിലും കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് താഴെപ്പറയുന്ന വിഷയങ്ങളിൽ പൊതുഭരണ-ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെക്കൊണ്ട് ഒരു പ്രവൃത്തി പഠനം നടത്തുവാൻ സർക്കാർ പരാമർശത്തിലെ ഉത്തരവ് പ്രകാരം തീരുമാനിച്ചു. ഓരോ വകുപ്പിനും നോഡൽ ഓഫീസർമാരെ നിയമിച്ചതിനു ശേഷം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിക്കുന്ന പ്രവൃത്തി പഠന റിപ്പോർട്ട് വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് വിലയിരുത്തുവാൻ പൊതുഭരണ-ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളിലെ അഡീഷണൽ/ ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരടങ്ങിയ ഒരു അഞ്ചംഗ സമിതിക്ക് രൂപം നൽകുകയും ചെയ്തു.

(2) താഴെപ്പറയുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(i) ഇ-ഓഫീസ്, പഞ്ചിംഗ് സംവിധാനങ്ങൾ നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓരോ ഭരണ വകുപ്പിലെയും ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കുവാൻ ആവശ്യമായ പരിശോധന നടത്തി ശിപാർശകൾ സമർപ്പിക്കുക.

(ii) ഇ-ഓഫീസ് നടപ്പിലാക്കിയതിന്റെ ഭാഗമായി ഓഫീസ് സെക്ഷനുകൾ ഉൾപ്പെടെ വരുത്തേണ്ട മാറ്റങ്ങൾ/ പുനർ വിന്യാസം സംബന്ധിച്ച ശിപാർശ സമർപ്പിക്കുക.

(iii) ജോലിഭാരം ക്രമീകരിക്കുമ്പോൾ സമാന സ്വഭാവമുള്ളത് ഒരേ സെക്ഷനിൽ കൊണ്ടു വരുന്നതിനുള്ള ശിപാർശ സമർപ്പിക്കുക.

(3) ഈ പ്രവൃത്തി പഠനം നടന്നത് ലോകസഭാ തെരഞ്ഞെടുപ്പ് കാലത്തിലായതിനാൽ ഇലക്ഷൻ വകുപ്പിനെ ഈ പഠനത്തിൽ നിന്നും ഒഴിവാക്കി. പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സംഘം ഓരോ സെക്ഷനിലെയും ജോലിഭാരം വിശകലനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കി അഞ്ചംഗ സമിതിക്കു മുൻപാകെ സമർപ്പിച്ചു. സെക്രട്ടേറിയറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠന സംഘത്തിന്റെ മുൻപാകെ വന്ന പൊതുവായ വിഷയങ്ങളിന്മേലുള്ള ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് മേൽപ്പറഞ്ഞ അഞ്ചംഗ സമിതിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പിലും നോഡൽ ഓഫീസർമാരെ നിയോഗിച്ച് അവരുമായി വീണ്ടും ചർച്ച ചെയ്യുകയും പരിഷ്കരിച്ച റിപ്പോർട്ട് തയ്യാറാക്കുകയും ആയത് ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്താറുള്ള പ്രതിമാസ യോഗത്തിൽ 31.01.2020 തീയതിയിൽ സമർപ്പിക്കുകയും ചെയ്തു.

(4) തുടർന്ന് ഈ റിപ്പോർട്ട് പൊതുഭരണ സെക്രട്ടേറിയറ്റിലെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ഭൗതിക സാന്നിധ്യത്തിൽ യോഗം ചേരുന്നത് പ്രായോഗികമല്ലാത്തതിനാൽ റിപ്പോർട്ട് പൊതുഭരണ വകുപ്പിന്റെയും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ തങ്ങളുടെ അഭിപ്രായം ഇ-മെയിൽ മുഖേന അറിയിക്കുവാൻ സർവീസ് സംഘടനകളോട് അഭ്യർത്ഥിക്കുകയും ചെയ്തു. സർവീസ് സംഘടനകളുടെ അഭിപ്രായം കൂടി സർക്കാർ പരിഗണിക്കുകയുണ്ടായി.

(5) സർക്കാർ പ്രസ്തുത കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ചു. റിപ്പോർട്ട് ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ച് ഉത്തരവാകുന്നു :

(i) കംപ്യൂട്ടർ അസിസ്റ്റന്റ്/ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പൂളിംഗ് സംവിധാനം കൊണ്ടുവരുന്നതിനു പകരം കംപ്യൂട്ടർ അസിസ്റ്റന്റ്/ ഓഫീസ് അറ്റൻഡന്റിനെ അണ്ടർ സെക്രട്ടറി തലം മുതലുള്ള ഓഫീസർമാരുടെ ചുമതലയിലുള്ള സെക്ഷനുകളിലെ ജോലിക്കായി ചുമതലപ്പെടുത്തി, അതിലൊരു സെക്ഷനിൽ അറ്റാച്ച് ചെയ്യേണ്ടതാണ്.

(ii) സർക്കാർ സർവീസിൽ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന നിർദ്ദേശവും അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ കുറഞ്ഞത് രണ്ടു തവണയെങ്കിലും പി.എസ്.സി. നടത്തുന്ന യോഗ്യതാ പരീക്ഷ പാസ്സാകണമെന്ന നിർദ്ദേശവും അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള കാറ്റഗറി മാറ്റം പി.എസ്.സി. മുഖേന നടത്തണമെന്ന നിർദ്ദേശവും സംഘടനകളുമായി വിശദമായി ചർച്ച നടത്തി അവരുടെ അഭിപ്രായം കൂടി പരിശോധിച്ച് മാത്രം തീരുമാനിക്കുന്നതാണ്.

(iii) കംപ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന നിർദ്ദേശം പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്ന് ആരാഞ്ഞ ശേഷം തീരുമാനിക്കുന്നതാണ്.

(6) കൂടാതെ കംപ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലെ അധിക തസ്തികകൾ പുനർ വിന്യസിക്കുവാനുള്ള റിപ്പോർട്ടിലെ നിർദ്ദേശം തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തിയാൽ മതിയെന്നും പൊതുഭരണ വകുപ്പിൽ നടത്തിയതിന് സമാനമായ പ്രവൃത്തി പഠനം ധനകാര്യ സെക്രട്ടേറിയറ്റിലും നിയമ സെക്രട്ടേറിയറ്റിലും നടത്തേണ്ടതാണെന്നും കൂടി ഉത്തരവാകുന്നു.

(7) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളെയും തുടർ നടപടികളെയും കുറിച്ചുള്ള ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ് :
എല്ലാ വകുപ്പുകളുടെയും അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്ക്
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ (എസ്.സി.) വകുപ്പ്
കരുതൽ ശേഖരം
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ